**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4904** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ നിന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ പീപ്പിൾസ് റസ്റ്റ്ഹൗസ് ആക്കിയതിന് ശേഷം 01.11.2021 മുതൽ 13.03.2025 വരെ 23,17,40,328/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 5 കോടി രൂപ ചെലവിൽ പൊൻമുടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ റസ്റ്റ് ഹൗസിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | 5 കോടി രൂപ ചെലവിൽ പൊൻമുടിയിൽ നിർമ്മിക്കുന്ന പുതിയ റസ്റ്റ് ഹൗസിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. |
| (സി) | എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത റസ്റ്റ് ഹൗസിൽ വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ? | (സി) | 8 എ.സി മുറികൾ, 2 ഡോർമിറ്ററി (7 bedded & 8 bedded), അനുബന്ധ സൗകര്യങ്ങൾ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ